(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസനത്തിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡ് വഴി കടപ്പത്രം മുഖേന ഫണ്ട് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 500 കോടി രൂപ

(സി) റോഡ്, ജലസേചനം, ശുദ്ധജലവിതരണം, ഉൾനാടൻ ജലഗതാഗതം, വൈദ്യുതി, തുറമുഖം, ചവർ സംസ്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിൽ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു ബോർഡാണ് ഇത് കൈകാര്യം ചെയ്യുന്നത്.

(ഇ) ചീഫ് സെക്രട്ടറി ചെയർമാനും, സീനിയർ സെക്രട്ടറിമാരായ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, ഇറിഗേഷൻ സെക്രട്ടറി, റവന്യൂ സെക്രട്ടറി, ധനകാര്യ റിസോഴ്സസ് സെക്രട്ടറി എന്നിവരും ബാങ്കിംഗ് വികസന മേഖലകളിൽ പ്രാവീണ്യമുള്ള നോമിനേറ്റ് ചെയ്യപ്പെട്ട രണ്ടംഗങ്ങളും അടങ്ങുന്നതാണ് ഫണ്ടിന്റെ പ്രവർത്തനത്തിന് രൂപീകരിച്ച ബോർഡ്.

(എഫ്) സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല.

28 (*84) കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനവ്യാപകമായി കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഏതൊക്കെ കൃഷിക്കാരെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(സി) പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇൻഷ്വറൻസ് പദ്ധതിയിൽ ആദ്യപടിയായി എത്രലക്ഷം കർഷകരെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്കായി പത്തു ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന "കർഷകരക്ഷാ പദ്ധതി' എന്ന പേരിൽ ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതും 25 സെന്റുമുതൽ 5 ഏക്കർവരെ കൃഷിഭൂമി കൈവശമുള്ള കൃഷിക്കാരനും കൃഷി ഭൂമി ഒരു വർഷവും അതിനുമുകളിൽ കാലയളവിലേയ്ക്ക് പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന കർഷകരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ അംഗമാകുന്നതിന് കൃഷിക്കാരൻ തുകയൊന്നും നൽകേണ്ടതില്ല. പോളിസി തുകയടയ്ക്കുന്നത് സർക്കാരാണ്.

(ഡി) ഉണ്ട്. പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1.	എല്ലാവിധ അപകടമരണവും	- 1 ലക്ഷം രൂപ
2.	പൂർണ്ണമായ അംഗവൈകല്യം	- 1 ലക്ഷം രൂപ
3.	രണ്ടുകാലുകൾ/കൈകൾ/കണ്ണുകൾ	- 1 ലക്ഷം രൂപ
4.	ഒരു കാൽ/കൈ/കണ്ണ്	- 50,000 രൂപ
5.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സഹായം	- 5,000 രൂപ വീതം
6.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം	- 5,000 രൂപ
7.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന്	- 1,000 രൂപ
8.	മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാരത്തിന്	- 1,000 രൂപ
9.	ഗുരുതരമായി മുറിവേൽക്കുന്ന അംഗത്തിന്റെ ശുശ്രൂഷ ചിലവിന് ധനസഹായം	- 5,000 രൂപ

(ഇ) 10 ലക്ഷം കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(എഫ്) അംഗങ്ങളെ ചേർക്കുന്ന പ്രവർത്തനം പൂർത്തിയാക്കി കഴിഞ്ഞു.

29 (*85) ബസ്, ബോട്ട് ചാർജ്ജ് വർദ്ധനവുകൾ പുനഃപരിശോധിക്കാൻ നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :

LIBRARY ARCHIVES Kerala Legislative Assembly